# ഓസ്‌ട്രേലിയ ഗവർണർ ജനറലുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

മെയ് 24, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 മെയ് 24-ന് ഓസ്‌ട്രേലിയയിലെ സിഡ്‌നിയിലുള്ള അഡ്മിറൽറ്റി ഹൗസിൽ വെച്ച് ഓസ്‌ട്രേലിയയുടെ ഗവർണർ ജനറലായ ഡേവിഡ് ഹർലിയെ കണ്ടു.

2. ന്യൂ സൗത്ത് വെയിൽസ് ഗവർണർ എന്ന നിലയിൽ 2019-ൽ ഗവർണർ ജനറലുമായി നടത്തിയ കൂടിക്കാഴ്ച്ച പ്രധാനമന്ത്രി അനുസ്മരിച്ചു.

3. ദീർഘകാല ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

4. ഓസ്‌ട്രേലിയയിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്രിയാത്മകമായ സംഭാവനകളും ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധം വളർത്തിയെടുക്കുന്നതിൽ അവർ വഹിച്ച പങ്കും പ്രധാനമന്ത്രി അനുസ്മരിച്ചു.

**സിഡ്‌നി**

**മെയ് 24, 2023**